**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1286** **14-03-2022 - ൽ മറുപടിയ്ക്ക്**

**ടൂർ ഓപ്പറേറ്റർമാർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് കാര്യമായ പങ്ക് വഹിച്ചിരുന്ന ടൂർ ഓപ്പറേറ്റർമാർ കോവിഡ് വ്യാപനത്തോടെ കടുത്ത പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മറ്റെല്ലാ മേഖലയിലെയും പോലെ ടൂർ ഓപ്പറേറ്റർമാർക്കും കോവിഡ് മൂലം ബിസിനസ്സ് നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയുടെ തിരിച്ചുവരവിന് കളമൊരുക്കുന്നതിലും അവരുടെ അക്രഡിറ്റേഷൻ നടപടികൾ ലഘൂകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കോവിഡ് മൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവിന് സഹായകമാകുന്നതിന് കേരളാ ടൂറിസത്തിന്റെ അംഗീകാരമുള്ള ടൂർ ഓപ്പറേറ്റർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യയിലും വിദേശത്തുമായി പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പി ക്കുവാനും ട്രേഡ് ഫെയറുകളിൽ പങ്കെടുപ്പിക്കുവാനുള്ള നടപടികൾ നടന്നു വരികയുമാണ്. നിലവിൽ ഏറ്റവും ലളിതമായ ഓൺലൈൻ അക്രഡിറ്റേഷൻ സംവിധാനമാണ് ടൂർ ഓപ്പറേറ്റർമാരുടെ സ്റ്റാന്റേഡൈസേഷനുവേണ്ടി നടപ്പിലാക്കിയിരിക്കുന്നത്. |
| (സി) | ടൂർ ഓപ്പറേറ്റർമാർ, ടൂർ ആന്റ് ട്രാവൽ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവരെ സഹായിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കേരളാ ടൂറിസത്തിന്റെ അംഗീകാരമുള്ള ടൂർ ഓപ്പറേറ്റർമാർ, ടൂർ ആന്റ് ട്രാവൽ സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ, കേരളാ ടൂറിസത്തിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള ടൂറിസം നടത്തുന്ന പാർട്ണർഷിപ്പ് മീറ്റുകളിലും ട്രേഡ് ഫെയറുകളിലും പങ്കെടുക്കുവാനുള്ള അവസരവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ